# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4054 18.10.2011 ൽ മറുപടിക്ക്**

## <u>കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) കൊട്ടാരക്കര നിർദ്ദിഷ്ട ബൈപ്പാസ് നിർമ്മാണത്തിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; | (എ) NHDP phase IV -ൽ ഉൾപ്പെടുത്തി ഡി.ബി.എഫ്.ഒ.റ്റി അടിസ്ഥാനത്തിൽ എൻ.എച്ച്-208 വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രമന്ത്രാലയം നിയോഗിച്ച കൺസൽട്ടൻസിയുടെ അംഗീകരിച്ച ഫീസിബിലിറ്റി റിപ്പോർട്ടിൽ കൊട്ടാരക്കര ബൈപ്പാസിന്റെ പ്രോപ്പോസൽ ഉൾപ്പെടുത്തിയതായി കാണുന്നു. |

| | | | |
|---|---|---|---|
| (ബി) പ്രസ്തുത ബൈപ്പാസിന്റെഅലൈൻമെന്റി-ന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | 4.35 കി.മീ. ദൂരത്തിലുള്ള പ്രസ്തുത ബൈപ്പാസ് എൻ.എച്ച്-208-ന്റെ 24/350 കിലോമീറ്റർ തുടങ്ങി നെൽപ്പാടങ്ങളും റബ്ബർ തോട്ടങ്ങളും വഴി 28/240 കിലോമീറ്ററിൽ അവസാനിക്കുന്നു.<br><br>പ്രസ്തുത ബൈപ്പാസ് കൊട്ടാരക്കര എൻ.എച്ച്-208-ൽ നിലവിലുള്ള കൊട്ടാരക്കര ആർ.ഒ.ബി-യുടെ അപ്രോച്ച് റോഡിന് സമീപത്ത് നിന്നും തുടങ്ങി ഗാന്ധിമുക്ക് ജംഗ്ഷൻ വഴി ഓയൂരേക്കുള്ള മേജർ ഡിസ്ട്രിക്റ്റ് റോഡിൽ കൊട്ടാരക്കര ക്ളാസിക്കൽ ആർട്ട്സ് മ്യൂസിയത്തിനു സമീപം ബന്ധിക്കുന്നു. പ്രസ്തുത ബൈപ്പാസ് 2.6 കി.മീ ദൂരം എത്തുമ്പോൾ തിരുവനന്തപുരം സ്റ്റേറ്റ് ഹൈവേയുടെ ch.71/150 മുറിച്ചു കടന്നു പോകുകയും സെന്റ് ഗ്രിഗോറിയസ് കോളേജിൽ ഡൗൺ ഹിൽ സൈഡ് വഴി ദേശീയപാതാ 208-ൽ കി.മീ.28/240-ൽ അവസാനിക്കുകയും ചെയ്യുന്നു. |
| (സി) പ്രസ്തുത അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കി ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു ? | (സി) | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് മേൽപ്പറഞ്ഞ പ്രോജക്ടിന്റെ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ